# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3946 — 12/12/2018-ൽ മറുപടിക്ക്

## നിപ വൈറസ്

**ചോദ്യം**

**ശ്രീ.പാറക്കൽ അബ്ദുല്ല**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

**ചോദ്യം:**

എ) 2018 മേയ് മാസത്തിൽ സംസ്ഥാനത്ത് ഒട്ടേറെ പേരുടെ മരണത്തിനിടയാക്കിയ നിപ വൈറസ് വീണ്ടും സംസ്ഥാനത്തേക്ക് കടന്നുവരാനുള്ള സാധ്യത ആരോഗ്യ വകുപ്പ് ഇപ്പോൾ കാണുന്നുണ്ടോ;

ബി) എങ്കിൽ ഏത് മാസങ്ങളിലാണ് നിപ വൈറസിന്റെ വ്യാപനം പ്രധാനമായും ഉണ്ടാകുന്നത്;

സി) എങ്കിൽ ഇത് മുന്നിൽ കണ്ട് പൊതുജന സുരക്ഷയ്ക്കായി സർക്കാർ എന്തൊക്കെ മുൻകരുതൽ നടപടികൾ കൈക്കൊള്ളും;

**മറുപടി:**

എ) യും ബി) യും: സാധ്യത തള്ളിക്കളയാനാവില്ല. ലഭ്യമായ വിവരങ്ങളനുസരിച്ച് മെയ് മാസത്തിലാണ് വവ്വാലുകളുടെ പ്രസവം നടക്കുന്നത് എന്നും അപ്പോഴാണ് വ്യാപനം ഉണ്ടാകുന്നത് എന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

സി) പൊതുജന സുരക്ഷയ്ക്കായി ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. വവ്വാലുകളുടെ പ്രജനനകാലത്താണ് രോഗാണു വ്യാപനം ഉണ്ടാകുന്നത് എന്ന റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

- വവ്വാലുകൾ ഭക്ഷിച്ചതിന്റെ ബാക്കിയോ, കടിച്ചതോ ആയ പഴങ്ങളും പച്ചക്കറികളും കഴിക്കാതിരിക്കുക.
- ഉപയോഗത്തിനു മുൻപ് പഴങ്ങളും പച്ചക്കറികളും വൃത്തിയായി കഴുകുക.
- വവ്വാലുകൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ അതിക്രമിച്ച് കടക്കുകയോ അവയുമായുള്ള സമ്പർക്കം ഒഴിവാക്കുകയോ ചെയ്യേണ്ടതാണ്.

• ഗുരുതര ശ്വാസകോശരോഗ ലക്ഷണങ്ങളുള്ളവരും പനി തലച്ചോറിനെ ബാധിക്കുന്ന ലക്ഷണങ്ങളുള്ളവരുമായും സമ്പർക്കം പുലർത്തുമ്പോൾ ഡോക്ടർമാരും മറ്റ് ജീവനക്കാരും അനുയോജ്യമായ വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

• ശ്വസന സംബന്ധമായ രോഗ-ലക്ഷണങ്ങളുമായി വരുന്ന എല്ലാ രോഗികൾക്കും 3 പാളികളുള്ള സംരക്ഷണ മാസ്ക് നൽകുകയും, ഇതിനായി ഒരു 'കഫ് കോർണർ' രൂപീകരിക്കുകയും മാസ്ക് ധരിക്കേണ്ടതിന്റെ രീതിയും ആവശ്യകതയും വിശദീകരിക്കുന്നതിനായി ജീവനക്കാരെ നിയോഗിക്കുകയും ചെയ്യുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

• ചുമയ്ക്കുകയോ, തുമ്മുകയോ ചെയ്യുമ്പോൾ വായും മൂക്കും തുണികൊണ്ട് മറയ്ക്കുക, ഇടയ്ക്കിടെ കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകുക, രോഗികളുമായി ഇടപെടേണ്ടി വരുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

• എല്ലാ ആശുപത്രികളിലും അണു-നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും അതിനാവശ്യമായ സാധന-സാമഗ്രികളും, ആവശ്യമായ പരിശീലനവും അടിയന്തിരമായി നൽകുവാനും എല്ലാ സൂപ്രണ്ടുമാർ/ ചാർജ്ജ് മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | കൂടാതെ 2018 മേയ് മാസത്തിൽ സംസ്ഥാനത്ത് 18 പേർക്ക് നിപ ബാധിച്ചതിൽ 16 പേർ മരിച്ചെന്ന് ആരോഗ്യ വകുപ്പ് സ്ഥിരീകരിക്കുകയുണ്ടായോ; | ഡി) | സ്ഥിരീകരിക്കുകയുണ്ടായി. |
| ഇ) | എന്നാൽ നിപ ബാധിച്ചത് 23 പേർക്കാണെന്നും അതിൽ 21 പേർ മരണപ്പെട്ടെന്നും പിന്നീട് ഒരു പഠന-സംഘം കണ്ടെത്തുക ഉണ്ടായോ; | ഇ) യും എഫ്) ഉം ജി) യും | ഇക്കാര്യം മാധ്യമങ്ങൾ വഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| എഫ്) | ബ്രിട്ടീഷ് മെഡിക്കൽ ജേർണൽ, ദ ജേർണൽ ഓഫ് ഇൻഫെക്ഷ്യസ് ഡിസീസ് എന്നിവയിൽ ഇത് സംബന്ധമായ പഠന റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുക ഉണ്ടായോ; | | |
| ജി) | എങ്കിൽ ആരോഗ്യ വകുപ്പ് ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**